# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.466 18/11/2019-ൽ മറുപടിക്ക്

**ജീവിതശൈലി രോഗനിയന്ത്രണത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.പി. ഉണ്ണി<br>ശ്രീ.സജി ചെറിയാൻ<br>ശ്രീ.പി.വി. അൻവർ** | | **കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പമന്ത്രി)** | |
| എ) | ആയുർ ദൈർഘ്യത്തിൽ കൈവരിക്കാൻ കഴിഞ്ഞ നേട്ടവും അനാരോഗ്യകരമായ ജീവിത ശൈലിയും കാരണം പ്രായം ചെന്നവരിൽ ഗണ്യമായ പങ്ക് ആളുകളും പ്രമേഹം, ഹൃദ്രോഗം, കാൻസർ തുടങ്ങിയ രോഗങ്ങൾക്ക് അടിമപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ ജീവിതശൈലി രോഗനിയന്ത്രണത്തിന് നടത്തുന്ന പ്രവർത്തനങ്ങളുടെ വിശദവിവരം അറിയിക്കാമോ; | എ) | ആഗോളതലത്തിൽ തന്നെ ജീവിത ശൈലി രോഗങ്ങൾ വർദ്ധിച്ച വരുന്ന ഈ കാലഘട്ടത്തിൽ കേരളത്തിലെ ജനവിഭാഗങ്ങൾക്കിടയിൽ സാമ്പത്തികമോ സാമുദായികമോ പ്രാദേശികമോ ആയ വ്യത്യാസങ്ങളില്ലാതെ മരണ നിരക്കും, രോഗാതുരതയും സാമ്പത്തിക ഭദ്രതയും പ്രതികൂലമായി ബാധിച്ചുകൊണ്ട് ജീവിതശൈലി രോഗങ്ങൾ മുൻനിരയിലേക്ക് വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിനെ പ്രതിരോധിക്കുന്നതിന് സംസ്ഥാന ആരോഗ്യ വകുപ്പ് വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഒരു സംസ്ഥാനത്തെ എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും, ജില്ലാ ജനറൽ ആശുപത്രികളിലും കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ജീവിതശൈലീ രോഗനിർണ്ണയ ക്ലിനിക്കുകൾ പ്രവർത്തിക്കുന്ന ഏക സംസ്ഥാനമെന്ന ബഹുമതി കേരളത്തിന് ലഭിച്ചിട്ടുള്ളതാണ്. രോഗനിർണ്ണയത്തോടൊപ്പം തന്നെ ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നതിനും അമൃതം ആരോഗ്യമെന്ന ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതി വിഭാവനം ചെയ്യുന്നു. സംസ്ഥാന സർക്കാരിന്റെ നൂതന പദ്ധതിയായ ആർദ്രം മിഷനിലൂടെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തപ്പെട്ട ആശുപത്രികളിൽ ആഴ്ചയിൽ ആറു ദിവസവും ജീവിത ശൈലി ക്ലിനിക്കുകൾ പ്രവർത്തിക്കുകയും സ്പെഷ്യാലിറ്റി ആശുപത്രികളിൽ മാത്രം ലഭിക്കുന്ന വിവിധ പരിശോധനകൾ പ്രീ ചെക്ക് ക്ലിനിക്കുകളിലൂടെ നടത്തി വരികയും ചെയ്യുന്നു. ഇതിനു പുറമേ ആരോഗ്യപരമായ ഭക്ഷണം, ചിട്ടയായ വ്യായാമം, ലഹരിയിൽ നിന്നുള്ള വിമുക്തി എന്നിവയെക്കുറിച്ച് ആരോഗ്യ ബോധവൽക്കരണവും നൽകി വരുന്നു. ജീവിതശൈലീരോഗങ്ങൾ കൊണ്ടുള്ള മൂർദ്ധന്യ രോഗങ്ങൾ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും ജില്ലാ ജനറൽ താലൂക്ക് ആശുപത്രികളെ ശാക്തീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി |

| | | | |
|---|---|---|---|
| | | | കൊറോണറി കെയർ ക്ലിനിക്കുകൾ, പക്ഷാഘാത ക്ലിനിക്കുകൾ, റെറ്റിനോപ്പതി ക്ലിനിക്കുകൾ, ഡയബറ്റിക്ക് ഫൂട്ട് ക്ലിനിക്കുകൾ, COPD ക്ലിനിക്കുകൾ എന്നിവ പ്രധാന ആശുത്രികളിലും കുടുംബാരോഗ്യകേന്ദ്രങ്ങളിലും ആരംഭിച്ചിട്ടുണ്ട്. ജീവിതശൈലീരോഗങ്ങളുടെ വ്യാപ്തിയും അതിലേക്ക് നയിക്കുന്ന കാരണങ്ങളെ കുറിച്ചും മനസ്സിലാക്കുന്നതിനായി കിരൺ എന്ന പേരിൽ ഒരു ബൃഹത് സർവ്വെയും ആരോഗ്യവകുപ്പ് ആരംഭിച്ചിട്ടുണ്ട്. |
| ബി) | സ്വകാര്യ മേഖലയിലുള്ള ആശുപത്രികളിലെ ഭീമമായ ചെലവും പരിമിതമായ സൗകര്യങ്ങളും കണക്കിലെടുത്ത് സർക്കാർ ആശുപത്രികളിൽ കാൻസർ പ്രാരംഭത്തിൽത്തന്നെ കണ്ടെത്തുന്നതിനും വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിനും ഉള്ള സൗകര്യങ്ങൾ വിപുലീകരിച്ചിട്ടുണ്ടോ; | ബി) | ആരോഗ്യ വകുപ്പിന് കീഴിൽ ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും കാൻസർ നിർണ്ണയ കീമോതെറാപ്പി ചികിത്സാ ക്ലിനിക്കുകൾ ആരംഭിക്കുകയും കീമോതെറാപ്പിയുൾപ്പെടെയുള്ള കാൻസർ ചികിത്സാ സേവനം നൽകി വരുകയും ചെയ്യുന്നു. കൂടുതൽ ആശുപത്രികളിലേക്ക് ഈ സംവിധാനം വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇപ്പോൾ ആരോഗ്യ വകുപ്പിന് കീഴിലുള്ള 24 ആശുപത്രികളിൽ കീമോതെറാപ്പി യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. റീജണൽ കാൻസർ സെന്ററുകളിൽ നിലവിലുള്ള ഡോക്ടർമാർക്ക് വിദഗ്ധ പരിശീലനം നൽകിയും റേഡിയോതെറാപ്പി ബിരുദധാരികളുടെയും സേവനം പ്രയോജനപ്പെടുത്തിയുമാണ് ഈ കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നത്. നാളിതുവരെ 68000-ൽ പരം കീമോതെറാപ്പിയും മറ്റ് അനുബന്ധ കാൻസർ ചികിത്സാ രീതികളും ഈ കേന്ദ്രങ്ങളിലൂടെ നൽകി വരുന്നു. 3000-ൽ പരം പുതിയ കാൻസർ രോഗികളെ കണ്ടെത്തുന്നതിന് ഈ കേന്ദ്രങ്ങളിലൂടെ സാധിച്ചിട്ടുണ്ട്.<br>കാൻസർ രോഗം മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ് ക്യാമ്പുകൾ എല്ലാ സാമ്പത്തിക വർഷവും ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനത്തിലൂടെ നടത്തി വരുന്നു. നേരത്തെ കണ്ടെത്താവുന്നതും ചികിത്സിച്ചു ഭേദമാക്കാവുന്നതുമായ വദനാർബുദം, ഗർഭാശയഗളാർബുദം എന്നിവ പ്രാരംഭ ദശയിൽ തന്നെ കണ്ടെത്തുന്നതിനും സംസ്ഥാന സർക്കാരിന്റെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രങ്ങളിലൂടെ സ്ക്രീനിംഗ് പദ്ധതി ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്ന ജനസംഖ്യാധിഷ്ഠിത ജീവിതശൈലീരോഗ നിർണ്ണയ പദ്ധതിയുടെ ഭാഗമായി ആശമാരുടെ സേവനം പ്രയോജനപ്പെടുത്തി കൊണ്ട് എല്ലാ ജനങ്ങളുടെയും പ്രാഥമിക രോഗ വിവരശേഖരണം നടത്തുവാൻ ഉദ്ദേശിക്കുന്നു. അതിൽ കാൻസർ രോഗ ലക്ഷണമുള്ളവരെ മുൻഗണനാക്രമത്തിൽ കാൻസർരോഗസ്ക്രീനിംഗിന് വിധേയമാക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | സംസ്ഥാന സർക്കാർ ആവിഷ്കരിച്ച കേരള കാൻസർ കൺട്രോൾ സ്ട്രാറ്റജിയുടെ ഭാഗമായി സർക്കാർ മേഖലയിലെയും സ്വകാര്യ മേഖലയിലും കാൻസർ ചികിത്സാ കേന്ദ്രങ്ങളെ കോർത്തിണക്കിക്കൊണ്ട് ഒരു കാൻസർ ഗ്രിഡ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത് സമ്പൂർണ്ണമായി സാക്ഷാത്കരിക്കപ്പെടുന്നതോടു കൂടി ചെറുതും വലുതുമായ എല്ലാ കാൻസർ കേന്ദ്രങ്ങളും ഒരു ശൃംഘലയുള്ളിൽ അണി ചേരുകയും പൊതുവായ ചികിത്സാ മാനദണ്ഡങ്ങൾ അവലംബിക്കുകയും ആശുപത്രികളുടെ ഭൗതിക സാഹചര്യങ്ങൾക്കും സേവനങ്ങൾക്കും അനുസൃതമായി റഫറൽ സംവിധാനം നടപ്പിലാക്കുകയും ചെയ്യുന്നതാണ്. കൂടാതെ എല്ലാ കാൻസർ രോഗികളുടെയും രോഗവിവരങ്ങൾ ക്രോഡീകരിക്കുന്നതിന് ഒരു സമ്പൂർണ്ണ രജിസ്ട്രി തയ്യാറാക്കുന്നതിനും സഹായകമാവുകയും ചെയ്യുന്നു. |
| സി) | കിടത്തി ചികിത്സ ആവശ്യമില്ലാതിരിക്കുകയും എന്നാൽ മരുന്നുകൾക്കായി ഏറെ തുക ദീർഘകാലം മുടക്കേണ്ടി വരികയും ചെയ്യുന്ന കേസുകളിൽ കാരുണ്യ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ പരിരക്ഷ ലഭിക്കില്ലെന്ന പ്രശ്നമുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ മാർഗമുണ്ടോയെന്ന് അറിയിക്കാമോ? | സി) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം നിലവിൽ കിടത്തി ചികിത്സക്ക് മാത്രമാണ് ചികിത്സ സഹായം നൽകുന്നത്. എന്നാൽ കിടത്തി ചികിത്സ ആവശ്യമില്ലാത്ത കീമോതെറാപ്പി, റേഡിയേഷൻ, ഡയാലിസിസ് തുടങ്ങിയ എഴുപതോളം ഡേ കെയർ ചികിത്സ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയിൽ ഉൾപ്പെടും. |

സെക്ഷൻ ഓഫീസർ